# കോവിഡ് 19 - പ്രതിരോധപ്രവർത്തനം

കോവിഡ് 19 രോഗബാധയെ പ്രതിരോധിക്കുന്നതിന് കേന്ദ്ര - സംസ്ഥാനസർക്കാരുകൾ സ്വീകരിച്ച നിലപാടുകളോട് നായർ സർവീസ് സൊസൈറ്റിയും അതിന്റെ കീഴ്ഘടകങ്ങളായ താലൂക്ക് യൂണിയനുകളും കരയോഗങ്ങളും പൂർണ്ണമായും സഹകരിച്ചുവരുകയാണ്. അതിന്റെ ഭാഗമായി ലോക്ക് ഡൗണിനെ തുടർന്ന് എൻ.എസ്.എസ്. ഹെഡ് ഓഫീസ് അടക്കം താലൂക്ക് യൂണിയനുകൾ, കരയോഗങ്ങൾ എന്നിങ്ങനെയുള്ള സ്ഥാപനങ്ങൾക്ക് മാർച്ച് 25 മുതൽ മെയ് 17 വരെ അവധി പ്രഖ്യാപിക്കുകയുണ്ടായി. എന്നാൽ ഗവണ്മെന്റ് ഓരോ ജില്ലയ്ക്കും പ്രഖ്യാപിച്ചിട്ടുള്ള ഇളവുകൾക്കുള്ളിൽനിന്നുകൊണ്ട് ദുരിതാശ്വാസപ്രവർത്തനം അടക്കമുള്ള സംഘടനാപ്രവർത്തനം നടത്താവുന്നതാണെന്ന് താലൂക്ക് യൂണിയനുകളെ അറിയിച്ചിരുന്നു.

ലോക്ക് ഡൗൺ കാലഘട്ടത്തിൽ നമ്മുടെ കരയോഗങ്ങളിൽപ്പെട്ടതും സാമ്പത്തികമായും അല്ലാതെയും ബുദ്ധിമുട്ട് അനുഭവിക്കുന്നതുമായ പാവപ്പെട്ടവരെ സംബന്ധിച്ച് കരയോഗതലത്തിൽ പ്രത്യേക ഒരു അന്വേഷണം വേണമെന്നും അതിന്റെ അടിസ്ഥാനത്തിൽ സഹായം (മരുന്നും മറ്റ് നിത്യോപയോഗസാധനങ്ങളും) അനിവാര്യമായിട്ടുള്ളവർക്ക് കരയോഗം മുഖേനയും കരയോഗത്തിൽതന്നെയുള്ള അഭ്യുദയകാംക്ഷികൾമുഖേനയും ഗവണ്മെന്റുനിർദ്ദേശങ്ങൾ ലംഘിക്കാതെതന്നെ, അവ എത്തിക്കാനുള്ള പരിശ്രമം അതാത് കരയോഗഭാരവാഹികളുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും അറിയിക്കുകയുണ്ടായി. അതിന് ആവശ്യമായ നിർദ്ദേശങ്ങൾ യൂണിയന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും അറിയിച്ചിരുന്നു.

മെയ് 31 വരെ രാജ്യമൊട്ടാകെ ലോക്ക് ഡൗൺ ദീർഘിപ്പിച്ചെങ്കിലും ഇളവുകളുടെ അടിസ്ഥാനത്തിൽ മെയ് 18 മുതൽ എൻ.എസ്.എസ്. ഹെഡ് ഓഫീസും താലൂക്ക് യൂണിയൻ ഓഫീസുകളും കരയോഗം ഓഫീസുകളും സർക്കാർനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തുറന്നുപ്രവർത്തിക്കുകയാണ്. എന്നാൽ, പൊതുയോഗങ്ങളോ സെമിനാറുകളോ സമ്മേളനങ്ങളോ മെയ് 31 വരെ തീർത്തും ഒഴിവാക്കേണ്ടതാണെന്നും അറിയിച്ചിട്ടുണ്ട്.

കോവിഡ് 19 മഹാമാരിയിൽനിന്നും നമ്മുടെ നാടിനെ രക്ഷിക്കുവാൻ പ്രതിരോധം സൃഷ്ടിച്ചുകൊണ്ട് അഹോരാത്രം പ്രയത്നിക്കുന്ന സർക്കാർ തലത്തിലുള്ളവരും ആരോഗ്യരംഗത്തും സാമൂഹ്യരംഗത്തും പ്രവർത്തിക്കുന്നവരും പോലീസ് വിഭാഗത്തിൽ ഉള്ളവരും മറ്റ് സന്നദ്ധപ്രവർത്തകരും പ്രത്യേകഅഭിനന്ദനം അർഹിക്കുന്നുണ്ട്.

താലൂക്ക് യൂണിയനുകളുടെ മേൽനോട്ടത്തിൽ സംസ്ഥാനമൊട്ടുക്കുള്ള കരയോഗങ്ങൾ സഹായം അർഹിക്കുന്നവരെ കണ്ടെത്താനും അവർക്ക് ആവശ്യമായ സഹായം എത്തിച്ചുകൊടുക്കാനും കാണിക്കുന്ന ശുഷ്കാന്തി മാതൃകാപരമാണ്. അവരുടെ പ്രവർത്തനങ്ങൾക്കും നായർ സർവീസ് സൊസൈറ്റിയുടേതായ നന്ദി അറിയിച്ചുകൊള്ളട്ടെ.

താലൂക്ക് യൂണിയനുകളിൽനിന്നും ലഭിച്ച വിവരം അനുസരിച്ച്, കരയോഗതലത്തിൽ നാളിതുവരെ പണമായും മരുന്നായും സാധനസാമഗ്രികളായും മൂന്നര കോടി രൂപയോളം സഹായം എത്തിക്കാൻ കഴിഞ്ഞു. ഈ പ്രവർത്തനം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയുമാണ്.

അതോടൊപ്പംതന്നെ കോവിഡ് 19 റിലീഫ് ഫണ്ടിലേക്ക് മുഖ്യമന്ത്രിയുടെ പേരിൽ നായർ സർവീസ് സൊസൈറ്റിയുടെതായി 25 ലക്ഷം രൂപ നല്കുകയും ചെയ്തിട്ടുണ്ട്.

കോവിഡ് 19 മഹാമാരിയെ പ്രതിരോധിക്കുന്ന കാര്യത്തിൽ കേന്ദ്ര - സംസ്ഥാനസർക്കാരുകളുടെ നിർദ്ദേശങ്ങൾ പാലിച്ച് സമൂഹനന്മയ്ക്കായി പ്രവർത്തിക്കുന്നതോടൊപ്പം സമുദായാംഗങ്ങളിൽ അവശത അനുഭവിക്കുന്നവർക്ക് കാര്യമായതോതിൽ സഹായം എത്തിക്കുന്നതിനും നമ്മുടെ നിർദ്ദേശങ്ങൾ ഉപകരിച്ചു എന്ന ചാരിതാർത്ഥ്യം എൻ.എസ്.എസ്സിന് ഉണ്ട്.